**കേരള സർക്കാർ**

സംഗ്രഹം

ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **1127/2018/ധന.** തിരുവനന്തപുരം, തീയതി **14.02.2018**

---

പരാമർശം - 1. സ.ഉ. (സാധാ) നം. 387/2018/ധന. തീയതി 17.01.2018

2. ചീഫ് എഞ്ചിനീയറുടെ 24.01.2018 ലെ എഫ് 6/32004/2017 നമ്പരായുള്ള കത്ത്.

**<u>ഉത്തരവ്</u>**

ജി.എസ്.റ്റി. രജിസ്ട്രേഷനും അനുബന്ധ പണമിടപാടുകൾക്കുമായി മൈനർ ഇറിഗേഷൻ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ വകുപ്പിന് കീഴിലുള്ള വിവിധ മേജർ/ഇൻലാൻഡ് നാവിഗേഷൻ ഡിവിഷൻ/ സബ്ഡിവിഷൻ കാര്യാലയങ്ങളിലും വിവിധ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലും ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട് എന്നും അതിനാൽ, മേൽ ഉത്തരവ് പുതുക്കി, ഈ വകുപ്പിന് കീഴിലുള്ള എല്ലാ മേഖല/ഡിവിഷൻ/സബ് ഡിവിഷൻ കാര്യാലങ്ങളുടെ പേരിലും ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്നും ചീഫ് എഞ്ചിനീയർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി മാത്രം, ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം

നോഡൽ ഓഫീസർ, <u>www.finance.kerala.gov.in</u>

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ